**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2383** **12-12-2022 - ൽ മറുപടിയ്ക്ക്**

**സന്ദീപാനന്ദ ഗിരി ആശ്രമം ഏറ്റെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സന്ദീപാനന്ദ ഗിരിയുടെ ആശ്രമം ഔഷധി ഏറ്റെടുത്ത് വെൽനെസ് സെന്റർ തുടങ്ങുവാൻ തീരുമാനമെടുത്ത് എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട് |
| (ബി) | ഔഷധിയുടെ ഏതു മീറ്റിങ്ങിലാണ് ഈ തീരുമാനം കൈകൊണ്ടത് എന്ന് വിശദമാക്കാമോ; ഈ മീറ്റിംഗിന്റെ മിനിട്സ് ലഭ്യമാക്കാമോ; | (ബി) | തീരുമാനം എടുത്തിട്ടില്ല. |
| (സി) | 21.10.2022-ലെ ഔഷധിയുടെ ബോർഡ് മീറ്റിംഗിന്റെ മിനിട്സ് ലഭ്യമാക്കാമോ; | (സി) | അനുബന്ധം -1 ആയി ചേർക്കുന്നു |
| (ഡി) | പ്രസ്തുത ആശ്രമം വാങ്ങാനുള്ള അനുമതിക്കായി ഔഷധി എം.ഡി. സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | വെൽനസ് സെന്റർ തുടങ്ങുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾക്കായി കത്ത് നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധം-2 ആയി ചേർക്കുന്നു |
| (ഇ) | ഔഷധി വെൽനസ് സെന്റർ തുടങ്ങുന്നതിനായി ഫീസിബിലിറ്റി സ്റ്റഡി നടത്താൻ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ താല്പര്യ പത്രം ക്ഷണിച്ചുകൊണ്ട് പത്രത്തിൽ പരസ്യം നല്കിയിരുന്നോ; എങ്കിൽ ഏത് പത്രത്തിലാണെന്നും പരസ്യം നൽകിയ തീയതിയും വ്യക്തമാക്കാമോ; | (ഇ) | താൽപ്പര്യ പത്രം ക്ഷണിച്ചിരുന്നു.19/10/2022 ലെ "The Hindu” ദിനപത്രത്തിന്റെ ഓൾ കേരള എഡിഷനിൽ പരസ്യം നൽകിയിട്ടുണ്ട്. |
| (എഫ്) | ആശ്രമം വാങ്ങാനുള്ള അനുമതിക്കായി ഔഷധി എം.ഡി. സർക്കാരിന് കത്ത് അയച്ച ശേഷമാണോ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ താല്പര്യപത്രം ക്ഷണിച്ചുകൊണ്ട് പത്രത്തിൽ പരസ്യം നൽകിയത് എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; | (എഫ്) | വെൽനസ് സെന്റർ തുടങ്ങുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് മാനേജിംഗ് ഡയറക്ടർ കത്ത് നൽകിയതിന് ശേഷമാണ് പത്രപരസ്യം നൽകിയിട്ടുള്ളത്. |
| (ജി) | 12.08.2022, 19.07.2022 ഇതിൽ ഏതെങ്കിലും തീയതികളിൽ നടന്ന ഔഷധിയുടെ ബോർഡ് മീറ്റിംഗിൽ സന്ദീപാനന്ദ ഗിരിയുടെ ആശ്രമം | (ജി) | ഇല്ല. |

| | | | |
|---|---|---|---|
| | ഔഷധി ഏറ്റെടുക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ആ തീയതിയിലെ മീറ്റിംഗിന്റെ മിനിട്സ് നൽകാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം - I
Unstarred Qn. 2383

PHARMACEUTICAL CORPORATION (IM) KERALA LTD
KUTTANELLUR, THRISSUR-14

## 21/10/2022 ന് രാവിലെ 10.00AM ന് നടന്ന ബോർഡ് യോഗത്തിന്റെ മിനിറ്റ്സ്

## വേദി : ഹോട്ടൽ ചൈത്രം, തിരുവനന്തപുരം

9. വെൽനസ് സെന്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

12.08.2022 ലെ ഭരണസമിതി യോഗതീരുമാനപ്രകാരം രൂപീകരിച്ച സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഭരണസമിതി ഏകകണ്ഠമായി അംഗീകരിച്ചു. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കുണ്ടമാൻ കടവിലെ ടി സ്ഥലം വാല്യൂവേഷൻ നടത്തുന്നതിന് വേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് എഴുതുന്നതിന് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി.

ശരിപകർപ്പ്
5.12.22

GENERAL MANAGER (P&A)
THE PHARMACEUTICAL CORPORATION
(INDIAN MEDICINES) KERALA LTD.
KUTTANELLUR, THRISSUR - 680 014

Attested
S.O.

നമ്പർ - 2

File No. AYUSH-A2/276/2022-AYUSH (Computer No. 2207690)

6527889/2022/AYUSH(OS)

The Pharmaceutical Corporation (Indian Medicines) Kerala Ltd.
(A Government of Kerala Undertaking)
Kuttanallur P.O., Thrissur
Kerala - 680 014

Oushadhi
ഔഷധി

ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
കുട്ടനെല്ലൂർ പിഒ, തൃശൂർ
കേരളം - 680 014

ഇ1-48/22

20/09/2022

A.A

പ്രിൻസിപ്പൽ സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ - ആയുഷ് വകുപ്പ്
6th ഫ്ലോർ, അനക്സ് II
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

മാഡം,

വിഷയം: തിരുവനന്തപുരം ജില്ലയിൽ ഔഷധിക്ക് ഒരു വെൽനസ്സ് സെന്റർ തുടങ്ങുന്നത് സംബന്ധിച്ച്

സൂചന : 1. 19/07/2022 ന് ചേർന്ന ഔഷധി ഭരണസമിതി തീരുമാനം
2. 12/08/2022 ന് ചേർന്ന ഔഷധി ഭരണസമിതി തീരുമാനം
3. 31/08/2022 തിയതിയിൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട്

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും അങ്ങയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. വിവിധ വകുപ്പുകളുടെ കീഴിൽ സംസ്ഥാനത്ത് വെൽനസ്സ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉള്ളതാണല്ലോ. ഇക്കാര്യത്തിൽ പൊതുമേഖലാ സ്ഥാപനമായ ഔഷധിക്ക് അനല്പമായ സംഭാവന ചെയ്യാൻ കഴിയുന്നതാണ്. സൂചന 1 പ്രകാരം കൂടിയ ഔഷധി ഭരണസമിതി യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി. സൂചന 2 പ്രകാരം 12/08/2022 ന് ചേർന്ന ഭരണസമിതി യോഗത്തിൽ ഈ വിഷയം വീണ്ടും ചർച്ചയ്ക്ക് വിധേയമാക്കുകയും അത്തരം "മെഡി വെൽനസ്സ്" സെന്ററുകൾക്കായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത കമ്മിറ്റി അംഗങ്ങളായ ഔഷധി ചെയർപേഴ്സൺ ശ്രീമതി.ശോഭനാ ജോർജ്ജ്, ഡയറക്ടർ ബോർഡ് അംഗം ശ്രീ.എ എസ് കുട്ടി, ഔഷധി മാനേജിംഗ് ഡയറക്ടർ ഡോ.ടി.കെ ഹൃദീക്, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡയറക്ടർ ഡോ.കെ.എസ്.പ്രിയ എന്നിവർ ഇക്കാര്യത്തിലേക്കായി തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം താലൂക്കിലെ തിരുമല വില്ലേജിലെ കുണ്ടമാൻകടവ് ഭാഗത്തുള്ള "സാളഗ്രാമം ആശ്രമം" സന്ദർശിക്കുകയുണ്ടായി. ശ്രീ.സന്ദീപാനന്ദഗിരി സ്വാമികളുടെ ഉടമസ്ഥതയിലുള്ള ടി ആശ്രമം കരമനയാറിന്റെ കരയിൽ 73 സെന്റ് സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. ഒരു "മെഡി വെൽനസ്സ്" സെന്ററിന് തികച്ചും അനുയോജ്യമായ പ്രകൃതി രമണീയമായ സ്ഥലമാണിത്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കുള്ളിൽ വരുന്ന



Generated from eOffice by BAIJU G, SO (A) AYUSH, SO (A) AYUSH, AYUSH on 06/12/2022 04:23 PM

പ്രസ്തുത ആശ്രമം നഗരത്തോട് ചേർന്ന് തന്നെയാണ് സ്ഥിതി ചെയ്യുന്നത്. പ്രകൃതി സൗഹൃദ സാമഗ്രികൾ മാത്രം ഉപയോഗിച്ച് നിർമ്മിച്ച പാരമ്പര്യ വാസ്തു ശില്പകലാ വൈഭവം വിളിച്ചോതുന്ന ഒരു മാനോഹര കെട്ടിടം ഇവിടെയുണ്ട്. ഉദ്ദേശം 18,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ കെട്ടിടം കേരളീയ പാരമ്പര്യത്തിന്റെ എല്ലാ അംശങ്ങളും സ്വാംശീകരിക്കപ്പെട്ട് പണിതിട്ടുള്ളതും ഒരു "വെൽനസ്സ് സെന്റർ" ന്റെ എല്ലാ അടിസ്ഥാനഘടകങ്ങളും പ്രദാനം ചെയ്യാൻ കഴിവുള്ളതുമായ ഒന്നാണെന്ന് ഏവർക്കും ബോധ്യപ്പെടുന്നതാണ്. മെഡി ടൂറിസത്തിന്റെ ഭാഗമായി പ്രതിവർഷം ഒട്ടനവധി പ്രവാസികൾ കേരളത്തിലേക്ക് സന്ദർശകരായി വരുന്നുണ്ട്. ഔഷധിയുടെ കീഴിൽ തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു പഞ്ചകർമ്മ ആശുപത്രി മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. ചികിത്സക്കായി സമീപിക്കുന്ന മുഴുവൻ ആളുകളേയും ഉൾക്കൊള്ളിക്കുവാൻ ഈ ഒരു കേന്ദ്രം കൊണ്ട് മാത്രം കഴിയാതെ വരുന്നുണ്ട്. പ്രസ്തുത ആശ്രമം ഔഷധിക്ക് ലഭ്യമാകുകയാണെങ്കിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു മെഡി വെൽനസ്സ് സെന്റർ ആരംഭിക്കുവാൻ കഴിയുന്നതാണ്. അത് നമ്മുടെ സംസ്ഥാനത്തിന്റെ ടൂറിസം മേഖലയിലും വലിയൊരു കുതിപ്പിന് തുടക്കമിടുന്നതാണ്. ആയതിനാൽ പ്രസ്തുത കെട്ടിടമുൾപ്പെടെയുള്ള സ്ഥലം ഔഷധിക്ക് ലഭ്യമാകുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. ഔഷധിയുടെ നിലവിലുള്ള വാർഷിക ആദായത്തിൽ നിന്നോ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയോ ഇതിനാവശ്യമായ തുക കണ്ടെത്താവുന്നതാണ് എന്ന് കൂടി ബോധിപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ഡോ.ടി.കെ.ഹൃദീക്

മാനേജിംഗ് ഡയറക്ടർ, ഔഷധി

ഉള്ളടക്കം : സൂചനപ്രകാരമുള്ള ഭരണസമിതി തീരുമാനങ്ങളുടെ പകർപ്പ്



Generated from eOffice by BAIJU C, SO (A) AYUSH, SO (A) AYUSH, AYUSH on 06/12/2022 04:23 PM

## 19/07/2022ന് ഉച്ചയ്ക്ക് 02.00 ന് നടന്ന ബോർഡ് യോഗത്തിന്റെ മിനിറ്റ്സ്

## വേദി : ഹോട്ടൽ ചൈത്രം, തിരുവനന്തപുരം

3. മെഡി-വെൽനസ്സ് സെന്റർ തുടങ്ങുന്നത് സംബന്ധിച്ച ചർച്ച

ആയുഷ്, ഐ.എസ്.എം ടൂറിസം തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ചോ അല്ലെങ്കിൽ തനിച്ചോ പുതിയ മെഡി വെൽനസ്സ് സെന്റർ തുടങ്ങുന്നത് സർക്കാരിന്റെ പരിഗണനയിലുള്ള കാര്യമാണെന്ന് മാനേജിംഗ് ഡയറക്ടർ അറയിച്ചു. സർക്കാർ മുൻഗണന നൽകുന്ന ഇത്തരം പ്രവൃത്തികൾ സുഗമമായി നടത്താൻ ആവശ്യമായ ഇൻഫ്രാസ്ട്രച്ചറും സ്ഥലവും കണ്ടുപിടിച്ച് ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള അനുമതി ആവശ്യമാണെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ഭരണസമിതി മേൽപറഞ്ഞ വിഷയങ്ങൾ അംഗീകരിക്കുകയും ഈ വിഷയം സംബന്ധിച്ച റിപ്പോർട്ട് അടുത്ത ഭരണസമിതിയിൽ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.



Generated from eOffice by BAIJU G, SO (A) AYUSH, SO (A) AYUSH, AYUSH on 06/12/2022 04:23 PM

# 12/08/2022 ന് രാവിലെ 11.30AM ന് നടന്ന ബോർഡ് യോഗത്തിന്റെ മിനിറ്റ്സിന്റെ പ്രസക്ത ഭാഗം.

11. ഔഷധി Wellness centers തുടങ്ങുന്നത് സംബന്ധിച്ച്

Wellness Centers തുടങ്ങുന്നതിനുവേണ്ടി തിരുവനന്തപുരം, കോട്ടയം, മൂന്നാർ, പത്തനംതിട്ട എന്നിവിടങ്ങളിലെ ചില സ്ഥലങ്ങളിൽ നിന്നും താൽപര്യം അറിയിച്ച് സമിപിച്ചിട്ടുണ്ടെന്ന് ചെയർപേഴ്സൺ അറിയിച്ചു. ഈ സ്ഥലങ്ങൾ സന്ദർശിച്ച് feasible ആണോ എന്നത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് താഴെ പറയുന്ന ഭരണസമിതി അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു.

1. ശ്രീമതി.ശോഭനാ ജോർജ് (Ex-MLA), ചെയർപേഴ്സൺ
2. ഡോ.ടി.കെ ഹൃദീക്, മാനേജിംഗ് ഡയറക്ടർ
3. ഡോ.കെ.എസ് പ്രിയ, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻസ്
4. ശ്രീ.ഇ.എൻ മോഹൻദാസ്, ഡയറക്ടർ
5. ശ്രീ.എ.എസ് കുട്ടി, ഡയറക്ടർ

സ്ഥല സന്ദർശനത്തിനുശേഷം പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിനെ സമിപിക്കുന്നതിന് ഭരണസമിതി തിരുമാനിച്ചു.



Generated from eOffice by BAIJU G, SO (A) AYUSH, SO (A) AYUSH, AYUSH on 06/12/2022 04:23 PM